# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4957**

27.10.2016-ൽ മറുപടിക്ക്

## പാർപ്പിട പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ദുർബല ജനവിഭാഗത്തിൽപ്പെട്ട ആളുകൾക്കായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഏതെല്ലാം പാർപ്പിട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്, വിശദാംശം ലഭ്യമാക്കുമോ; | (എ) ദുർബല ജനവിഭാഗത്തിൽപ്പെട്ട ആളുകൾക്കായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സാഫല്യം, ഗൃഹശ്രീ എന്നീ ഭവന പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി നടപ്പിലാക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) പാലക്കാട് ജില്ലയിൽ ഇപ്പോൾ ഒരു ഗ്രാമപഞ്ചായത്തിലും ഭവന നിർമ്മാണ ബോർഡ് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി നടപ്പിലാക്കുന്നില്ല. എങ്കിലും താഴെപറയുന്ന പഞ്ചായത്തുകളിൽ ഭവന നിർമ്മാണ ബോർഡ് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>(1) കോട്ടൈ (2) അലനല്ലൂർ (3) അയിലൂർ (4) കോട്ടപ്പാടം (5) പുതുക്കോട് (6) കാപ്പൂർ (7) ലക്കിടിപേരൂർ (8) ഇടപ്പള്ളി (9) എരിത്തിയാമ്പതി (10) കാരക്കുറിശ്ശി (11) പൊട്ടശ്ശേരി (12) കരിമ്പ (13) കടമ്പഴിപ്പുറം (14) കൊടുവായൂർ (15) എരിമയൂർ (16) നല്ലേപ്പുള്ളി (17) മങ്കര (18) മുതലമട (19) മേലാർകോട്. |
| (സി) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ "സാഫല്യം" ഭവന പദ്ധതിയുടെ കാലിക സ്ഥിതി വ്യക്തമാക്കുമോ? | (സി) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ "സാഫല്യം" ഭവന പദ്ധതിയിലൂടെ 24 ഫ്ളാറ്റുകളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ 66 യൂണിറ്റുകൾ വിഭാവനം ചെയ്തിരുന്നെങ്കിലും 24 |

ഗുണഭോക്താക്കൾ മാത്രം രജിസ്റ്റർ ചെയ്തതിനാൽ പഞ്ചായത്തിന്റെ ആവശ്യ പ്രകാര മാണ് 24 യൂണിറ്റുകളുടെ നിർമ്മാണം മാത്രം നടക്കുന്നത്. സൈറ്റ് നിരപ്പാക്കുന്ന ജോലി പഞ്ചായത്ത് ചെയ്തു കഴിഞ്ഞു. Column footing ന് ആവശ്യമായ കോൺക്രീറ്റ് ജോലികൾ പൂർത്തിയായി.

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളായ സാഫല്യം, ഗൃഹശ്രീ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1. സാഫല്യം ഭവന പദ്ധതി

ദുർബലവിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടു കൂടിയും പഞ്ചായത്തുകളുടേയും സന്നദ്ധ സംഘടന/കാരുണ്യവാൻമാരായ വ്യക്തികളുടേയും സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിലൂടെ ലഭ്യമാകുന്നുണ്ട്. സാഫല്യം പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തികഘടന പ്രകാരം 327 ച.അടി (സർവീസടക്കം) വിസ്തീർണ്ണം വരുന്ന ഫ്ളാറ്റിന്റെ 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ സന്നദ്ധ സംഘടന/സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഹഡ്കോ വായ്പ തുകയ്ക്ക് സമാനമായ ഒരുലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

സാഫല്യം ഭവന പദ്ധതി താഴെപ്പറയുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനാണ് ബോർഡ് നടപടിയെടുത്തത്. അവയുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ചാത്തന്നൂർ, കൊല്ലം - | 48 ഫ്ലാറ്റുകളുടെ നിർമ്മാണം 30.06.2015-ൽ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| 2 | ചോറ്റാനിക്കര, എറണാകുളം | 24 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ചോറ്റാനിക്കര പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. |
| 3 | ലക്കിടി-പേരൂർ, പാലക്കാട് | 24 ഫ്ളാറ്റുകളുടെ നിർമ്മാണം നടന്നു വരുന്നു. |
| 4 | പുതുക്കാട്, തൃശ്ശൂർ | 48 ഫ്ളാറ്റുകളുടെ ഫൗണ്ടേഷൻ ജോലികൾ പൂർത്തിയാക്കി. പഞ്ചായത്തിന്റെ നിസ്സഹകരണം മൂലം പണികൾ തുടർന്നു കൊണ്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണ്. |
| 5 | ഇലഞ്ഞി, എറണാകുളം | 48 ഫ്ളാറ്റുകളുടെ നിർമ്മാണം നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. പഞ്ചായത്തിന്റെ നിസ്സഹകരണം മൂലം പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. (പദ്ധതിയ്ക്ക് വേണ്ടിയുള്ള ഭൂമി പഞ്ചായത്തിൽ നിന്നും ലഭ്യമായില്ല). |
| 6 | ചെമ്മനാട്, കാസ ർകോട് | 24 ഫ്ളാറ്റുകൾ നിർമ്മിയ്ക്കുവാൻ ഉദ്ദേശിച്ചിരു ന്നുവെങ്കിലും പഞ്ചായത്തിന്റെ നിസ്സഹകരണം മൂലം പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ്. (സ ർക്കാർ സബ്സിഡി കഴിഞ്ഞുള്ള 1.50 ലക്ഷം രൂപ ഓരോ വീടിനും നൽകാമെന്നുള്ള പഞ്ചായത്തിന്റെ വാഗ്ദാന ത്തിൽ നിന്നും പഞ്ചായത്ത് പിൻമാറിയതിനാൽ പദ്ധതി നടപ്പിലാക്കാനായില്ല). |
| 7 | ചേളന്നൂർ, കോഴിക്കോട് | 66 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. |

2. <u>ഗൃഹശ്രീ ഭവനപദ്ധതി</u>

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/NGO/കാരുണ്യവാൻമാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവനപദ്ധതി. ടി പദ്ധതി പ്രകാരം സ്പോൺസറുടെ വിഹിതം 1 ലക്ഷം രൂപയും ഗുണഭോക്താവിന്റെ വിഹിതം കുറഞ്ഞത് 1 ലക്ഷം രൂപയും, സർക്കാർ സബ്സിഡി തുക 2 ലക്ഷം രൂപയുമാണ്. ഇതിനായി ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന

സന്നദ്ധ സംഘടന/NGO/വ്യക്തിയാണ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. സർക്കാർ സബ്സിഡി തുക 2013-14 വർഷം മുതൽ ബഡ്ജറ്റിലൂടെ ലഭ്യമാക്കുന്നുണ്ട്.

പദ്ധതി വളരെ ജനകീയമാണ്. 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ യഥാക്രമം 525, 709, 1500 എണ്ണം വീടുകൾക്കാണ് സബ്സിഡി അനുവദിക്കുന്നതിനായി ഉത്തരവായിട്ടുള്ളത്. 18000-ൽപ്പരം ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിനായി സ്പോൺസർമാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ